## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2596** **06.12.2018-ൽ മറുപടിക്ക്**

## സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റ് കുടിശ്ശികയ്ക്ക് റവന്യൂ റിക്കവറി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | | ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) | സഹകരണ സൊസൈറ്റികൾ ആഡിറ്റ് ചെയ്യുന്നതിന് ഇവരിൽ നിന്നും തുക ഈടാക്കി വരുന്നുണ്ടോ; എങ്കിൽ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിന് പ്രതി വർഷം എത്ര തുകയാണ് നിശ്ചയിച്ചിട്ടുള്ളത്; | (എ) സഹകരണ സംഘങ്ങളുടെ ആഡിറ്റിംഗിന് സംഘങ്ങളിൽ നിന്നും തുക ഈടാക്കിവരുന്നുണ്ട്. യൂണിറ്റ് ആഡിറ്റ് നിലവിലുള്ള സംഘങ്ങളിൽ സഹകരണ നിയമം ചട്ടം 65(4) പ്രകാരം പ്രവർത്തന മൂലധനത്തിന്റെ/വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ 100/- രൂപയ്ക്ക് 50 പൈസ എന്ന നിരക്കിൽ പരമാവധി 1,00,000/- രൂപ ഓരോ വർഷത്തെ ആഡിറ്റിനും ആഡിറ്റ് ഫീസായി ചാർജ്ജ് ചെയ്യാറുണ്ട്.<br><br>ഇടപാടുകളും സാമ്പത്തിക ശേഷിയും കൂടുതലുള്ള സഹകരണ സ്ഥാപനങ്ങളുടെ ആഡിറ്റിനായി പ്രസ്തുത സ്ഥാപനങ്ങളുടെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജൂനിയർ/സീനിയർ ആഡിറ്റർ, അസിസ്റ്റന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, ജോയിന്റ് ഡയറക്ടർ തസ്തികകളിൽ കെ.എസ്.ആർ ചട്ടം 156 പ്രകാരം സമകാല ആഡിറ്റർമാരെ 6 മാസത്തെ ആഡിറ്റ് കോസ്റ്റ്, എൽ.എസ് & പി.സി എന്നിവ മുൻകൂറായി അടച്ചശേഷം സർക്കാർ അംഗീകാരത്തോടെ നിയമിച്ച് ആഡിറ്റ് നടത്തുന്നുണ്ട്. അപ്രകാരം നിയമനം നടത്തുന്ന ആഡിറ്ററന്മാരുടെ ആവറേജ് കോസ്റ്റ് സർക്കാർ നിശ്ചയിച്ചു നൽകിയിട്ടുണ്ട്. അതിൻ പ്രകാരമുള്ള നിരക്ക് ചുവടെ ചേർക്കുന്നു. പ്രസ്തുത തുകയുടെ 25% എൽ.എസ് & പി.സി ആയും ഒടുക്കേണ്ടതുണ്ട്.<br>1. ജൂനിയർ ആഡിറ്റർ - 5,23,200/-<br>2. സീനിയർ ആഡിറ്റർ - 5,76,600/-<br>3. അസിസ്റ്റന്റ് ഡയറക്ടർ - 6,94,800/-<br>4. ഡെപ്യൂട്ടി ഡയറക്ടർ - 8,08,800/-<br>5. ജോയിന്റ് ഡയറക്ടർ - 10,74,600/- |

| | | | |
|---|---|---|---|
| (ബി) | സാമ്പത്തിക പ്രതിസന്ധി മൂലം പ്രവർത്തനം തന്നെ ബുദ്ധിമുട്ടിലായ പല സൊസൈറ്റികൾക്കും ഇത്തരം ഓഡിറ്റ് തുക ഒടുക്കാൻ കഴിയാത്ത സ്ഥിതി വിശേഷമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ തുക ഒടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി വഴി തുക ഈടാക്കുന്നതിന് നടപടി സ്വീകരി ക്കാറുണ്ടോ; എങ്കിൽ ഈ നടപടി ഇത്തരം സ്ഥാപനങ്ങളെ കൂടുതൽ പ്രതിസന്ധിയിലാക്കുക യാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. കുടിശ്ശിക തുക ഈടാക്കാൻ റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.<br><br>റവന്യൂ റിക്കവറി നടപടികൾ മൂലം പ്രതിസന്ധിയിലായ സ്ഥാപനങ്ങളുടെ വിവരങ്ങൾ പ്രത്യേകമായി പരിശോധിക്കേണ്ടതുണ്ട്. |
| (സി) | സഹകരണ സ്ഥാപനങ്ങളുടെ കുടിശ്ശിക റവന്യൂ റിക്കവറി വഴി ഈടാക്കുന്ന നടപടികൾ ഓരോ സ്ഥാപനത്തിന്റെയും സാമ്പത്തിക സ്ഥിതി പരിശോധിച്ച് പുനഃ പരിശോധിക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ